നമ്പർ.ഇ 1/220/2021/റ്റി.സി.

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി, 03/12/2021.

# സർക്കുലർ 24/2021

വിഷയം : ***മോട്ടോർ വാഹന വകുപ്പ്*** – ഗതാഗത കുറ്റകൃത്യങ്ങൾക്ക് നിയമവിധേയമായി ലൈസൻസ് സസ്പെൻഡ് ചെയ്യുന്നത് – സംബന്ധിച്ച്.
–

റോഡപകടങ്ങളും അപകട മരണവും കുറയ്ക്കുന്നതിനായി ബഹുമാനപ്പെട്ട സുപ്രീംകോടതി നിയമിച്ച റോഡ് സുരക്ഷയ്ക്കായുള്ള കമ്മീഷൻ സംസ്ഥാനത്തെ റോഡപകടങ്ങളും അതു വഴിയുണ്ടാകുന്ന മരണങ്ങളും, ഗുരുതര പരിക്കുകളും കുറയ്ക്കുന്നതിനായി ശക്തമായ നിയമ നടപടികൾ സ്വീകരിച്ച് മാതൃകാപരമായി കുറ്റക്കാർക്കെതിരെ ലൈസൻസ് അയോഗ്യത/റിവോക്കേഷൻ നടപടികളുൾപ്പെടെ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി.

സംസ്ഥാനതലത്തിൽ 2021 വർഷത്തെ ലൈസൻസ് അയോഗ്യത/റിവോക്കേഷൻ പരിശോധിച്ചതിൽ പോലീസിൽ നിന്നും അയച്ചു തന്ന ലൈസൻസുകളിലും മോട്ടോർ വാഹന വകുപ്പ് ഫീൽഡ് ഉദ്യോഗസ്ഥർ തയ്യാറാക്കുന്ന ചെല്ലാനുകളിലും നടപടി പൂർത്തീകരിച്ച് അയോഗ്യത/റിവോക്ക് ചെയ്ത ലൈസൻസുകളുടെ എണ്ണം വളരെ കുറവാണെന്ന് കാണുന്നു. മോട്ടോർ വാഹന നിയമത്തിലും ചട്ടങ്ങളിലും അനുശാസിക്കുന്ന അധികാരമുപയോഗിച്ച് നടപടികൾ പൂർത്തീകരിച്ച് ഡ്രൈവിംഗ് ലൈസൻസ് അയോഗ്യത കല്പിക്കൽ നടപടികൾ ത്വരിതപ്പെടുത്താൻ ഇതിനാൽ നിർദ്ദേശിക്കുന്നു.

ലൈസൻസിങ് അധികാരികൾ ഡ്രൈവിംഗ് ലൈസൻസ് അയോഗ്യത കല്പിച്ചുകൊണ്ടിരിക്കുന്ന ഉത്തരവ് ലൈസൻസുടമയ്ക്കു ലഭ്യമാകുന്നത് മിക്കവാറും അയോഗ്യതാകാലാവധി കഴിഞ്ഞിട്ടാണെന്നും ഫലത്തിൽ ലൈസൻസ് അയോഗ്യമാക്കിനൽകിയ ശിക്ഷാകാലാവധി ലൈസൻസുടമയെ ബാധിക്കുന്നില്ലെന്നും വിജിലൻസ് പരാമർശമുണ്ടായിട്ടുണ്ട് . ആകയാൽ ലൈസൻസ് അയോഗ്യത കല്പിക്കുന്നതുമായി ബന്ധപ്പെട്ട ലൈസൻസിങ് അധികാരി ലൈസൻസ് ഉടമയെ നേരിട്ട്

കേൾക്കേണ്ടതും തുടർന്ന് ലൈസൻസ് അയോഗ്യത കല്പിക്കുവാൻ തീരുമാനിക്കുകയാണെങ്കിൽ ലൈസൻസ് ഉടമയെ നേരിൽ കേട്ട ദിവസം തന്നെ ലൈസൻസ് അയോഗ്യത കല്പിച്ചുകൊണ്ടുള്ള ഉത്തരവിറക്കേണ്ടതാണ് . പ്രസ്തുത ഉത്തരവിൽ ഹിയറിങ് നടത്തിയ ദിവസം മുതൽ നിശ്ചിതകാലയളവിലേക്ക് അയോഗ്യതാ കാലാവധി രേഖപ്പെടുത്തേണ്ടതും ടി ഉത്തരവ് അന്നുതന്നെ ഫോൺ സന്ദേശം / SMS / വാട്സ് ആപ് / മറ്റേതെങ്കിലും മാർഗ്ഗങ്ങൾ വഴി ലൈസൻസ് ഉടമയെ അറിയിക്കേണ്ടതും തൊട്ടടുത്ത പ്രവൃത്തിദിവസംതന്നെ ടി ഉത്തരവിന്റെ പകർപ്പ് ലൈസൻസ് ഉടമയ്ക്ക് തപാൽ മാർഗ്ഗം അയച്ചുകൊടുത്തിട്ടുണ്ടെന്ന് ഓഫീസ് മേധാവി ഉറപ്പുവരുത്തേണ്ടതുമാണ് .

ഓഫീസുകളിൽ ഇതിനായി ഒരു രജിസ്റ്റർ തയ്യാറാക്കി താഴെ പറയുന്ന മാതൃക – 1 പ്രകാരം സൂക്ഷിക്കേണ്ടതാണ്. എല്ലാ മാസവും 3–)ം തീയതിക്കകം പ്രസ്തുത രജിസ്റ്റർ ഓഫീസ് മേലധികാരി പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതും വിശദാംശം അതാത് ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്ക് നൽകേണ്ടതും ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ അതാത് സോണിലെ വിവരങ്ങൾ ക്രോഡീകരിച്ച് 5 –)ം തീയതിക്കകം ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ താഴെ പറയുന്ന മാതൃക–2 – ൽ "safekerala.mvd@kerala.gov.in" എന്ന മെയിലിൽ അയച്ചു നൽകേണ്ടതാണ്. പോലീസിൽ നിന്നും ലഭ്യമായ ലൈസൻസുകളിന്മേൽ സ്വീകരിച്ച നടപടി അത് അയച്ചു നൽകിയ ഉദ്യോഗസ്ഥനെ അറിയിക്കേണ്ടതാണ്.

M R Ajithkumar Ips
Transport Commissioner

പകർപ്പ്:–

1. എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
2. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
3. സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ എല്ലാ ജോയിന്റ് റീജിയണൽ

ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

## മാതൃക – 1 (രജിസ്റ്റർ)

| Sl.No. | From whom received (Police/ MVD) | MDL No. | Date of receipt | Name of holder | Date of issue of Shawcause Notice | Date of hearing | Date of disqualifi cation | Date of Re-issue after the disqualifi-cation period | Remarks |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |

## മാതൃക – 2 (റിപ്പോർട്ട്)

| Sl. No. | Name of office | Total No. of request received | | Total No.of Show - cause notices issued | | No. of DL disqualifi-cation | | No.of DL Revocation | | Total disqualifi-cation | | Total Revocation | | Grand Total disqualifi-cation & Revocation( 7+8) | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **1** | **2** | **3** | | **4** | | **5** | | **6** | | **7** | | **8** | | **9** | |
| | | Police | MVD | Police | MVD | Police | MVD | Police | MVD | Police | MVD | Police | MVD | Police | MVD |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |

Digitally signed by M R AJITHKUMAR IPS
Date:Thu Dec 09 12:06:47 IST 2021
Reason: Approved

ട്രാൻസ്പോർട്ട് കമ്മീഷണർ

AS

മോട്ടോർവാഹന വകുപ്പ്, കേരള